ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 06.04.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. രാജ്യപുരോഗതിയ്ക്കായുള്ള തിരഞ്ഞെടുപ്പാണ് ഇത്തവണത്തെ ലോക്സഭാ തിരഞ്ഞെടുപ്പെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says that this Lok Sabha election is an election for the progress of the country.**

2. മദ്യനയ അഴിമതിക്കേസിൽ അറസ്റ്റിലായ മുൻ ഡൽഹി ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ ജുഡീഷ്യൽ കസ്റ്റഡി ഈ മാസം 18 വരെ നീട്ടി.

   **Former Delhi Deputy Chief Minister Manish Sisodia's judicial custody has been extended till the 18th of this month.**

3. രാജ്യത്തുടനീളം ശിശുക്കളെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന കടത്തുകാരുടെ ശൃംഖലയിൽപെട്ട ഏഴു പേരെ സിബിഐ അറസ്റ്റു ചെയ്തു ; മൂന്ന് കുട്ടികളെ രക്ഷപ്പെടുത്തി.

   **The CBI arrested seven people in a network of traffickers who were buying and selling children across the country; Three children were rescued.**

4. യുപിഐ ഉപയോഗിച്ച് ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ വഴി പണം നിക്ഷേപിക്കാൻ ഉടൻ അനുമതി നൽകുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.

   **Reserve Bank of India to soon allow depositing money through cash deposit machines using UPI.**

5. കേരളത്തിൽ അന്തരീക്ഷ താപനില ഉയരുന്നു. 12 ജില്ലകളിൽ മഞ്ഞ ജാഗ്രത.

   **Atmosperic Temperature is rising in Kerala. Yellow alert in 12 districts.**

6. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് - ബംഗളൂരു റോയൽ ചലഞ്ചേഴ്സ് പോരാട്ടം. ഐ എസ് എൽ ഫുട്ബോളിലെ മത്സരം കേരള ബ്ലാസ്റ്റേഴ്സും നോർത്ത് ഈസ്റ്റ് യുണൈറ്റഡും തമ്മിൽ.

**Rajasthan Royals vs Bengaluru Royal Challengers match in IPL Cricket today. ISL football match between Kerala Blasters and North East United underway.**

&&&&&&&&&&&&&&&&&&

## HEAD LINE 1

### PM-SAHARANPUR

രാജ്യപുരോഗതിയ്ക്കായുള്ള തെരഞ്ഞെടുപ്പാണ് ഇതവണത്തേതെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്തർപ്രദേശിലെ സഹാറൻപൂരിൽ നടന്ന തെരഞ്ഞെടുപ്പ് പ്രചാരണപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാരിനെ തെരഞ്ഞെടുക്കുക എന്നത് മാത്രമല്ല ഈ തെരഞ്ഞെടുപ്പിന്റെ ഉദ്ദേശ്യമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. രാജസ്ഥാനിലെ പുഷ്ക്കറിൽ നടന്ന തെരഞ്ഞെടുപ്പ് റാലിയെയും ശ്രീ മോദി അഭിസംബോധന ചെയ്തു. അതേസമയം കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് സമ്മേളനം രാജസ്ഥാനിലെ ജയ്പൂരിൽ നടന്നു. എ ഐ സി സി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, പാർട്ടി നേതാക്കളായ സോണിയ ഗാന്ധി , പ്രിയങ്ക ഗാന്ധി എന്നിവരും സമ്മേളനത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

### JAISANKAR LAOS

ലാവോസിൽ അകപ്പെട്ടു പോയ 17 ഇന്ത്യൻ തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങുകയാണെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ അനധികൃതമായി പണിയെടുത്തിരുന്ന ഇവർക്ക് സുരക്ഷിതമായി സ്വദേശത്തേക്ക് മടങ്ങാൻ സാഹചര്യമൊരുക്കിയ ലാവോ അധികാരികളെയും ലാവോസിലെ ഇന്ത്യൻ എംബസിയെയും വിദേശകാര്യമന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE 2

**SISODIA-CUSTODY**

ആം ആദ്മി പാർട്ടി നേതാവും മുൻ ഡൽഹി ഉപമുഖ്യമന്ത്രിയും ആയ മനീഷ് സിസോദിയയുടെ ജുഡീഷ്യൽ കസ്റ്റഡി ഈ മാസം 18 വരെ നീട്ടി. ഡൽഹി മദ്യനയ അഴിമതി കേസുമായി ബന്ധപ്പെട്ടാണ് കസ്റ്റഡിയിൽ നൽകിയിട്ടുള്ളത്. കേസുമായി ബന്ധപ്പെട്ട് ആം ആദ്മി പാർട്ടി നേതാവ് സഞ്ജയ് സിങ്ങിന് നേരത്തെ സുപ്രീം കോടതി ജാമ്യം അനുവദിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE 3

**CBI INFANT TRAFFICKERS (INTRO)**

രാജ്യത്തുടനീളം ശിശുക്കളെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന കടത്തുകാരുടെ ശൃംഖലയിൽപെട്ട ഏഴു പേരെ സിബിഐ അറസ്റ്റു ചെയ്തു. ; മൂന്ന് കുട്ടികളെ രക്ഷപ്പെടുത്തി. ഡൽഹി, ഹരിയാന എന്നിവിടങ്ങളിൽ നടത്തിയ അന്വേഷണത്തിലാണ് നടപടി.

വിശദാംശങ്ങളിലേയ്ക്ക്....... (വോയ്സ്)

## CBI INFANT TRAFFICKERS (VOICE)

ഓപ്പറേഷൻ്റെ ഭാഗമായി ഡൽഹി, ഹരിയാനയടക്കം ഏഴ് സ്ഥലങ്ങളിൽ സിബിഐ പരിശോധന നടത്തി. ഒന്നര ദിവസവും 15 ദിവസവും പ്രായമുള്ള രണ്ട് ആൺ കുഞ്ഞുങ്ങളെയും ഒരു മാസം പ്രായമുള്ള ഒരു പെൺകുഞ്ഞിനെയുമാണ് ഓപ്പറേഷനിലൂടെ സിബിഐ രക്ഷപ്പെടുത്തിയത് . 5.5 ലക്ഷം രൂപയും മറ്റ് രേഖകളും ഉൾപ്പെടെ വിവിധ വസ്തുക്കളും പരിശോധനയിൽ കണ്ടെടുത്തിട്ടുണ്ട്. ഏഴ് പ്രതികളെയും സിബിഐ അറസ്റ്റ് ചെയ്തു. പത്ത് പ്രതികൾക്കെതിരെ സിബിഐ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തു. കുട്ടികളെ ദത്തെടുക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യയിലുടനീളമുള്ള കുട്ടികളില്ലാത്ത ദമ്പതികളുമായി പരസ്യം വഴിയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും പ്രതികൾ ബന്ധപ്പെട്ടിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തി. പ്രതികൾ യഥാർത്ഥ മാതാപിതാക്കളിൽ നിന്നും വാടക അമ്മമാരിൽ നിന്നും കുഞ്ഞുങ്ങളെ വാങ്ങുകയും ഒരു കുട്ടിക്ക് 4 മുതൽ 6 ലക്ഷം രൂപ വരെ വിലയ്ക്ക് വിൽക്കുകയും ചെയ്തിരുന്നു. വ്യാജരേഖകൾ ഉണ്ടാക്കി ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്ത സംഭവത്തിലും ഈ പ്രതികൾക്ക്

പങ്കുണ്ട്. പ്രതികൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തതായും സി ബി ഐ അറിയിച്ചു.

**ന്യൂസ് ഡെസ്ക് ,ആകാശവാണി.........**

&&&&&&&&&&&&&&&&&&

## HEAD LINE 4

**RBI – UPI**

യുപിഐ ഉപയോഗിച്ച് ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ വഴി പണം നിക്ഷേപിക്കാൻ ഉടൻ അനുമതി നൽകുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. നിലവിൽ പ്രധാനമായും പണം പിൻവലിക്കലിനോ പണം കൈമാറ്റത്തിനോ ആണ് യുപിഐ ഉപയോഗിക്കുന്നത്. പുതിയ നടപടി, ഉപഭോക്തൃ സൗകര്യം വർദ്ധിപ്പിക്കുമെന്നും ബാങ്കുകളിലെ കറൻസി കൈകാര്യം ചെയ്യുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുമെന്നും ആർബിഐ ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE 5

**WEATHER – KERALA**

കേരളത്തിൽ അന്തരീക്ഷ താപനില ഉയരുന്നു. 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ മാസം 10 വരെ കൊല്ലം,പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും തൃശൂർ,കണ്ണൂർ ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ ,പത്തനംതിട്ട,കോട്ടയം,എറണാകുളം,കോഴിക്കോട് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാമെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.തിരുവനന്തപുരം ,മലപ്പുറം,കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാം. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നു ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

## VP- RS OATH

ബിജെപി അധ്യക്ഷൻ ജെ പി നദ്ദയും പുതുതായി തിരഞ്ഞെടുക്കപ്പെട്ട മറ്റ് അഞ്ച് പേരും രാജ്യസഭാംഗങ്ങളായി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ ജഗ്ദീപ് ധൻഖർ പാർലമെൻ്റ് ഹൗസിൽ ഇവർക്കു സത്യവാചകം ചൊല്ലിക്കൊടുത്തു. ബിജെപിയുടെ അശോക്റാവു ശങ്കർറാവു ചവാൻ, ചുന്നിലാൽ ഗരാസിയ, തൃണമൂൽ കോൺഗ്രസിന്റെ സുസ്മിത ദേവ്, മുഹമ്മദ് നദിമുൽ ഹഖ്, കോൺഗ്രസിലെ അനിൽകുമാർ യാദവ് മന്ദാഡി എന്നിവരാണ് രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തത്.

&&&&&&&&&&&&&&&&&&

## HEAD LINE 6

## IPL CRICKET

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് - ബംഗളൂരു റോയൽ ചലഞ്ചേഴ്സ് പോരാട്ടം. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം. ടോസ് നേടിയ രാജസ്ഥാൻ ബംഗളൂരുവിനെ ബാറ്റിംഗിനയച്ചു.

കളിച്ച മൂന്നുമത്സരങ്ങളും ജയിച്ച് പോയിന്റ് പട്ടികയിൽ രാജസ്ഥാൻ രണ്ടാം സ്ഥാനത്തും നാലിൽ രണ്ടു ജയവുമായി ബാംഗളൂരു എട്ടാം സ്ഥാനത്തുമാണ് .

&&&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പോരാട്ടം. ഗുവാഹത്തിയിലാണ് മത്സരം. പഞ്ചാബും മോഹൻ ബഗാനും തമ്മിൽ ഇന്ന് നടന്ന ആദ്യ മത്സരത്തിൽ മോഹൻ ബഗാൻ എതിരില്ലാത്ത ഒരു ഗോളിന് പഞ്ചാബിനെ തോൽപ്പിച്ചു.

&&&&&&&&&&&&&&&&&&

## HOCKEY TEST

ഇന്ത്യ - ഓസ്ട്രേലിയ പുരുഷ ഹോക്കിടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഓസ്ട്രേലിയയ്ക്ക് ജയം. ഓസ്ട്രേലിയയിലെ പെർത്തിൽ ഇന്ന് ഉച്ച തിരിഞ്ഞു നടന്ന മത്സരത്തിൽ

ഒന്നിനെതിരെ അഞ്ചു ഗോളുകൾക്കാണ് ഓസ്ട്രേലിയ ഇന്ത്യയെ പരാജയപ്പെടുത്തിയത് .അഞ്ചു മത്സരങ്ങളാണ് പരമ്പരയിൽ ഉള്ളത് . 2024-ലെ പാരിസ് ഒളിമ്പിക്സിൽ ഇന്ത്യയും ഓസ്ട്രേലിയയും ഒരേ പൂളിൽ എത്തിയതാണ് പരമ്പരയ്ക്ക് കാരണം.

&&&&&&&&&&&&&&&&&&

**BADMINTON-KAZAKHSTAN TITLES**

കസാഖ്സ്ഥാനിലെ അസ്താനയിൽ നടന്ന കസാഖ്സ്ഥാൻ ഇന്റർനാഷണൽ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ താരങ്ങൾക്കു കിരീടം. പുരുഷ വിഭാഗം സിംഗിൾസിൽ എം തരുണും വനിതാ വിഭാഗം സിംഗിൾസിൽ അനുപമ ഉപാധ്യായുമാണ് വിജയികളായത്.

&&&&&&&&&&&&&&&&&&

**TN - PUGAZHENTHI**

തമിഴ്നാട്ടിൽ വിക്രവണ്ടിയിൽ നിന്നുള്ള നിയമസഭാംഗം എൻ. പുഗഴേന്തി അന്തരിച്ചു. 69 വയസായിരുന്നു. രണ്ടുതവണ എം.എൽ.എ ആയ അദ്ദേഹം ദീർഘകാലമായി ഡി.എം.കെ പാർട്ടി അംഗമായിരുന്നു.

&&&&&&&&&&&&&&&&&&

**SIDHARTH -CBI**

പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥി സിദ്ധാർത്ഥൻ്റെ മരണം അന്വേഷിക്കുന്ന സിബിഐ സംഘം വയനാട്ടിൽ എത്തി. വയനാട് എസ്പിയുമായി കൂടിക്കാഴ്ച നടത്തിയശേഷമാണ് സംഘം പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ എത്തിയത് . സിബിഐ എസ്പിയുടെ നേതൃത്വത്തിലുള്ള നാല് ഉദ്യോഗസ്ഥരാണ് ഡൽഹിയിൽ നിന്നെത്തിയ സംഘത്തിലുള്ളത്. സിദ്ധാർത്ഥൻറെ മരണത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച സിബിഐ അന്വേഷണം

വൈകുന്നതിനെതിരെ പിതാവ് ജയപ്രകാശ് കഴിഞ്ഞദിവസം ഹൈക്കോടതിയെ സമീപിച്ചിരുന്നു . ഇതിനുശേഷമാണ് സി ബി ഐ അന്വേഷണം ഏറ്റെടുത്തത്.

&&&&&&&&&&&&&&&&&&

## SABARIMALA

വിഷു പൂജയ്ക്കായി ശബരിമല ക്ഷേത്ര നട ബുധനാഴ്ച തുറക്കും. 14ന് പുലർച്ചെ 4 മുതൽ 7 വരെയാണ് വിഷുക്കണി ദർശനം. പൂജകൾ പൂർത്തിയാക്കി 18ന് രാത്രി 10ന് നട അടയ്ക്കും. വെർച്വൽക്യു ബുക്ക് ചെയ്തും സ്പോട് ബുക്കിംഗ് നടത്തിയും ഭക്തർക്ക് ദർശനം നടത്താം.

&&&&&&&&&&&&&&&&&&

## TELANGANA – ENCOUNTER

നിരോധിത സംഘടനയായ CPI (Maoist) ൻറെ മൂന്ന് നക്സലൈറ്റുകളെ ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിലെ വനത്തിൽ വച്ച് സുരക്ഷാസേന വധിച്ചു. തെലങ്കാനയുമായി അതിർത്തി പങ്കിടുന്ന മേഖലയാണിത്. രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ തിരച്ചിലിലാണ് നക്സലൈറ്റുകളെ കണ്ടെത്തിയത്. കൊല്ലപ്പെട്ടവരിൽ നിന്നും ഒരു AK 47 ഉൾപ്പെടെ നിരവധി തോക്കുകളും കണ്ടെടുത്തു.

&&&&&&&&&&&&&&&&&&

## J AND K – TERRORISTS

ജമ്മു കശ്മീരിൽ ഉറി സെക്ടറിലെ നിയന്ത്രണ രേഖയിൽ സബൂര നലയിൽ ഭീകരർ നടത്തിയ നുഴഞ്ഞുകയറ്റ ശ്രമം സുരക്ഷാ സേന പരാജയപ്പെടുത്തി. രണ്ട് ഭീകരരെ സൈന്യം വധിച്ചു. ഭീകരർ ഇന്ത്യയുടെ നിയന്ത്രണരേഖയിലേക്ക് നുഴഞ്ഞുകയറാൻ ശ്രമിച്ചതായി ചിനാർ കോർപ്സിലെ ഉദ്യോഗസ്ഥൻ പറഞ്ഞു. തുടർന്നുണ്ടായ ഏറ്റുമുട്ടലിലാണ് ഇവരെ വധിച്ചത്. പ്രദേശത്ത് സൈന്യം നടത്തിയ തെരച്ചിലിൽ, തോക്കുകളും ഗ്രനേഡുകളും മറ്റ് സ്ഫോടക വസ്തുക്കളും കണ്ടെടുത്തു. ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി സുരക്ഷാ സേന പ്രദേശത്ത് കനത്ത ജാഗ്രത പുലർത്തുന്നതായും അധികൃതർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## NIA ARREST

പശ്ചിമ ബംഗാളിലെ ഭൂപതി നഗർ സ്ഫോടനക്കേസിലെ ഗൂഢാലോചനയിൽ പങ്കാളികളായ മൂന്നുപേരെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റു ചെയ്തു. 2022

ഡിസംബറിലായിരുന്നു മൂന്നുപേരുടെ മരണത്തിനിടയാക്കിയ സ്ഫോടനം നടന്നത്. മിഡ്നാപൂർ ജില്ലയിൽ ജനക്കൂട്ടത്തിൻറെ ശക്തമായ ചെറുത്തുനിൽപ്പിനിടെയാണ് പ്രതികളെ അറസ്റ്റ് ചെയ്തതെന്ന് എൻ.ഐ.എ അറിയിച്ചു. ബാലായി ചരൺ മൈതി, മനോബ്രത ജന എന്നിവരാണ് അറസ്റ്റിലായത്.

&&&&&&&&&&&&&&&&&&

## NIA – POLITICAL REACTION

പ്രതിപക്ഷനേതാക്കൾക്കെതിരെ ബിജെപി, കേന്ദ്ര ഏജൻസികളെ ഉപയോഗിക്കുകയാണെന്ന് തൃണമൂൽ കോൺഗ്രസ് അധ്യക്ഷ മമത ബാനർജി. ഹേമന്ത സോറനേയും അരവിന്ദ് കെജ്രിവാളിനെയും അറസ്റ്റു ചെയ്യാൻ ബിജെപി കേന്ദ്ര ഏജൻസിയെ ഉപയോഗിച്ചതായും ഭൂപതി നഗർ സ്ഫോടനക്കേസിലെ ഇന്നത്തെ എൻ ഐ എ അറസ്റ്റ് രാഷ്ട്രീയ പ്രേരിതമാണെന്നും മമത ബാനർജി ആരോപിച്ചു. എന്നാൽ പശ്ചിമ ബംഗാളിൽ ക്രമസമാധാന നില വഷളായെന്നും ഇപ്പോൾ നടപടി എടുത്തില്ലെങ്കിൽ സ്ഥിതി ഗുരുതരമാകുമെന്നും സംസ്ഥാന ബിജെപി അധ്യക്ഷൻ സുകാന്തോ മജുംദാർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## CRUDE OIL

പശ്ചിമേഷ്യയിലെ പിരിമുറുക്കങ്ങൾക്കും ആശങ്കകൾക്കുമിടയിൽ ക്രൂഡ് ഓയിലിൻറെ വിലയിൽ കഴിഞ്ഞ ദിവസങ്ങളിൽ ഗണ്യമായ വർദ്ധന ഉണ്ടായി ഇന്ന് ക്രൂഡ് ഓയിൽ ബാരലിന് 91.17 ഡോളറിൽ വ്യാപാരം നടത്തി, ഇതോടെ ഈ ആഴ്ചയിൽ 4 ശതമാനത്തിലധികം വില ഉയർന്നു.

അമേരിക്കയുടെ ആരോഗ്യകരമായ സാമ്പത്തിക വളർച്ചയും ചൈനയിലെ സാമ്പത്തിക വീണ്ടെടുക്കലിൻ്റെ സൂചനകളും ക്രൂഡ് ഓയിൽ വില ഉയരുന്നതിനു കാരണമായി . ഈ വർഷം ഇതുവരെ ക്രൂഡ് ഓയിൽ വില 18 ശതമാനത്തിലധികമാണ് ഉയർന്നത് .

&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&